# ഗന്ധകശാലയുടെ വിപണനം

## ഉപജീവനത്തിനായി നാടൻ നെല്ലിനങ്ങൾ :

ദരിദ്രവത്കരിക്കപ്പെടുന്ന കാർഷികസമൂഹങ്ങൾ, ക്രമരഹിതമായ ആഗോള ഭക്ഷ്യസുരക്ഷ, തുടങ്ങിയ സാമൂഹ്യസാമ്പത്തിക മാറ്റങ്ങൾക്കുള്ള പ്രധാന കാരണങ്ങളിലൊന്ന് കാർഷിക ജൈവ വൈവിധ്യത്തിന്റെ തകർച്ചയാണ്. തെക്കേ ഇന്ത്യയിലെ കേരളത്തിൽ കഴിഞ്ഞ പതിറ്റാണ്ടുകളായി, നെല്ലിനങ്ങളുടെ വൈവിധ്യത്തിൽ കുറവു വന്നിട്ടുണ്ട്. 160ൽപരം നെല്ലിനങ്ങൾ കൃഷിചെയ്തിരുന്ന വയനാട്ടിലാകട്ടെ ഇന്നവശേഷിക്കുന്നത് 30 എണ്ണം മാത്രം. നെൽവയലുകൾ വ്യാപകമായതോതിൽ നാണ്യവിളകൃഷിയ്ക്കു വേണ്ടിയും കെട്ടിടനിർമ്മാണത്തിനുമായി മാറ്റപ്പെട്ടതാണ് ഇതിനുള്ള പ്രധാന കാരണം.

വളരെ വേഗത്തിൽ പാരിസ്ഥിതിക മാറ്റങ്ങളുണ്ടാകുന്ന ഇക്കാലത്ത് ഭാവിതലമുറകൾക്കു വേണ്ടി ഇപ്പോഴത്തെ ജനിതകവിഭവങ്ങൾ സംരക്ഷിക്കേണ്ടത് വളരെ ആവശ്യമാണ്. അവഗണിക്കപ്പെട്ടുകൊണ്ടിരിക്കുന്ന നെല്ലിനങ്ങൾക്ക് വർദ്ധിച്ച കമ്പോളവില ലഭ്യമാക്കുന്നതിലൂടെ അവയുടെ ഉൽപാദനം പ്രോത്സാഹിപ്പിക്കുക എന്നതാണ് അവയെ സംരക്ഷിക്കുവാനുള്ള ഒരു മാർഗ്ഗം. കേരളത്തിലെ നാടൻ നെല്ലിനങ്ങൾക്ക് കൂടുതൽ സാമ്പത്തിക പ്രാധാന്യം ലഭിക്കുകയാണെങ്കിൽ അത് പഴയ നെല്ലിനങ്ങളുടേയും, ബന്ധപ്പെട്ട ആവാസവ്യവസ്ഥയും സംരക്ഷിക്കപ്പെടാൻ സഹായകമാകും.

തദ്ദേശീയ വിത്തിനമായ ഗന്ധകശാലയുടെ ഉദാഹരണത്തിലൂടെ ഈ പഠനം ലക്ഷ്യമാന്നത്, ഈ സുഗന്ധ നെല്ലിനത്തിന് ജർമനിയിൽ കൂടുതൽ ആവശ്യം ഉണ്ടോ എന്നറിയുവാനും, അതിനുള്ള വിപണന സാദ്ധ്യതകൾ അന്വേഷിക്കുവാനുമാണ്.



(cc) R. Jose 2008

## TOPICS

- Seed markets
- Labelling
- Geographical Indication

# ഗന്ധകശാല എന്ന സുഗന്ധ നെല്ല്

കേരളത്തിൽ ചുരുങ്ങിയ മുതൽമുടക്കോടെ, കർഷകർ കൃഷിചെയ്യുന്ന ഒരിനം സുഗന്ധനെല്ലാണ് ഗന്ധകശാല. കാർഷികപരമായ പ്രത്യേകതകളും ഭൗതികമായ സവിശേഷതകളും കാരണം, ഈ നെല്ലിനം വയനാട്ടിൽ കൃഷി ചെയ്യുവാൻ വളരെ ഉചിതമാണ്. കീടങ്ങളേയും, രോഗങ്ങളേയും, പ്രതിരോധിക്കാനുള്ള കഴിവുള്ളതിനാൽ കീടനാശിനികളുടെ ഉപയോഗം കുറക്കുവാൻ സാധിക്കും. അതിന്റെ ഫലമായി കൃഷിയിടങ്ങളിൽ ഉപകാര പ്രദമായ ജീവജാലങ്ങളുടെ സാന്നിദ്ധ്യവും, പാരിസ്ഥിതിക ശൃംഖലയും സൃഷ്ടിക്കുവാൻ കഴിയും. കൃഷിയുടെ ഉപോൽപ്പന്നങ്ങളായി കാലിതീറ്റ, ചവറ് എന്നിവയും ലഭിക്കുന്നു.

രുചിയും, പോഷകഗുണവും, പാചകസവിശേഷതകളും കാരണം, ചടങ്ങുകൾക്കും വിവാഹസദ്യകൾക്കും മറ്റും ഗന്ധകശാലയാണ് ഏവരും ഇഷ്ടപ്പെടുന്നത്. കൂടാതെ എളുപ്പത്തിൽ ദഹിക്കുന്നതിനാൽ രോഗവിമുക്തരായികൊണ്ടിരിക്കുന്നവർക്ക് ഭക്ഷണമായും ഗന്ധകശാല ഉപയോഗപ്പെടുന്നു. ആഗോളകമ്പോളത്തിൽ നെല്ലിന്റെ വില മാറി കൊണ്ടേയിരിക്കുമെങ്കിലും, പാചകപരമാമായ സവിശേഷതകൾ ഉള്ളതിനാൽ ഗന്ധകശാല അന്തർദേശീയ കമ്പോളത്തിൽ ആവശ്യക്കാർ ഏറെയുാകുമെന്ന കാര്യത്തിൽ സംശയമില്ല. ഇക്കാരണത്താലും, അതിന്റെ സാംസ്കാരികമായ പ്രാധാന്യം കൊണ്ടും, മലബാർതീരത്ത് ഗന്ധകശാല സംരക്ഷിക്കപ്പടാൻ ഇന്ത്യാഗവൺമെന്റ് ഒരു പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ജർമനിയിൽ അരിയുടെ ശുഷ്കമായ കമ്പോളത്തിൽ നേരത്തെതന്നെ സുഗന്ധയിനങ്ങളായ ബസുമതി, ജാസ്മിൻ എന്നിവ സ്ഥാനം പിടിച്ചിട്ടുണ്ട്. എങ്കിലും സവിശേഷപ്രാധാന്യമുള്ള ഒരിനമെന്ന നിലയിൽ ഗന്ധകശാലക്കും അവിടെ കമ്പോള പ്രാധാന്യം ലഭിക്കുമെന്ന് തീർച്ച.

## ഗന്ധകശാലയ്ക്കായി സാംസ്ക്കാരിക വിപണി

### ഗവേഷണം

ഈ പഠനം ഗന്ധകശാലക്ക് ജർമനിയിൽ ലഭിക്കാവുന്ന വിപണന സാദ്ധ്യതയെകുറിച്ചാണ്. ഇതിനായി ജർമനിയിലെ വ്യവസായമേഖലയിലെ വിദഗ്ധരുമായി ധാരാളം കൂടികാഴ്ചകൾ നടത്തുകയും, ന്യായമായ വ്യാപാരം, ജൈവഭക്ഷ്യ വസ്തുക്കൾ, വിശിഷ്ടഭോജ്യങ്ങൾ തരപ്പെടുത്തുന്നവർ എന്നീ കാര്യങ്ങളിൽ ഊന്നി കൊണ്ട് ചർച്ച നടത്തുകയും ചെയ്തു. കൂടിക്കാഴ്ചകളിൽ പ്രധാനമായും ഊന്നൽ നൽകിയത് പാചക സവിശേഷതകളുള്ള ഗന്ധകശാലയുടെ വിപണനസാദ്ധ്യതയെ കുറിച്ച് ആരായാനാണ്. ഗന്ധകശാലയെ ഉൽപ്പന്നങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താനുള്ള മാനദണ്ഡവും ഉപാധികളും മനസ്സിലാക്കുക എന്നതും ലക്ഷ്യമായിരുന്നു. ഇതുമായി ബന്ധപ്പെട്ട്, കൊയ്ത്തിനു മുൻപും, പിൻപുമുള്ള സംഗതികൾ എല്ലാം വിശദമായി പരിശോധിച്ചു. ഗന്ധകശാലയുടെ ഗുണമേന്മയുടേയും സവിശേഷതകളുടേയും വെളിച്ചത്തിൽ വിപണന രംഗത്തെ വിജയമുറപ്പാക്കുവാനും, കൃഷിയിടത്തിലെ സ്വാഭാവിക ജൈവവൈവിധ്യം നിലനിർത്താൻ സഹായിക്കുന്നതിനും ശ്രമിച്ചു.

***ബയോഡിവ ഗവേഷണ പദ്ധതി***

വയനാടിന്റെ കാർഷിക ജൈവവൈവിധ്യം, ജില്ലയിൽ ഭൂവിനിയോഗത്തിലുണ്ടായ മാറ്റങ്ങൾ എന്നിവ വിവിധ വിജ്ഞാനശാഖകളിലൂടെ അപഗ്രഥിച്ച് അവയെ കാർഷിക -ഗ്രാമീണ ഉന്നമനത്തിനായി പ്രവർത്തിക്കുന്നവരുടെ സഹായത്തോടെ പ്രായോഗിക ആശയങ്ങളിലേക്ക് കൊണ്ടുവരികയാണ് ബയോഡൈവ പദ്ധതിയുടെ ലക്ഷ്യം. കാർഷിക ജൈവവൈവിധ്യത്തിന്റെ സുസ്ഥിരവും നീതിപൂർവ്വകവുമായ ഉപയോഗത്തിലൂടെയുള്ള സുസ്ഥിര ഗ്രാമവികസനത്തിനാണ് പഠന പദ്ധതികൾ സഹായകമാവുക. വിദ്യാഭ്യാസ ഗവേഷണ പ്രവർത്തനങ്ങൾക്കായുള്ള ജർമ്മൻ മന്ത്രാലയത്തിലേക്ക് ഈ പദ്ധതിക്ക് വേണ്ടി 2010 മുതൽ 2014 വരെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നത്.

എം. എസ്. സ്വാമിനാഥൻ ഗവേഷണനിലയത്തിന്റെ സാങ്കേതിക സഹകരണത്തോടെയാണ് ഈ പഠനം നടക്കുന്നത്.





*Winnowing rice after harvest , Wayanad*

## കൊയ്ത്തു മുതൽ കയറ്റിയയക്കൽ വരെ

ജർമനിയിലെ അരി വിപണി ഏറെ മത്സരാധിഷ്ഠിതമാണെന്നു മാത്രമല്ല, ഉപഭോക്താക്കൾ കൂടുതൽ വില നൽകാൻ വിസമ്മതമുള്ളവരുമാണ്. എങ്കിലും, പഠനങ്ങൾ സൂചിപ്പിക്കുന്നത്, ഗുണമേൻമ, പാചകസവിശേഷതകൾ, രുചി എന്നിവയുള്ളതിനാൽ ഗന്ധകശാലയ്ക്ക് പ്രിയമേറുമെന്നാണ്. വിപണിയിൽ ചുവടുറപ്പിക്കുവാൻ ഗന്ധകശാലയെ സവിശേഷപ്രാധാന്യമുള്ള ഉൽപ്പന്നമെന്ന നിലയിൽ പരിഗണിച്ച്, ജൈവോൽപ്പന്നമെന്ന നിലയിൽ സമ്മതപത്രം നേടേണ്ടതുണ്ട്. ഉൽപ്പന്നത്തിന്റെ പിന്നിലെ കഥകളാണ് അതിനു വിപണിയിൽ താൽപര്യമുണർത്തുന്നത് കൃഷിസമ്പ്രദായം, വിവാഹം പോലെയുള്ള പ്രത്യേക ചടങ്ങുകളിലും മറ്റുമുള്ള പ്രാധാന്യം തുടങ്ങിയ പാശ്ചാത്തല വിവരങ്ങൾ അതിന്റെ പ്രിയമേറുവാൻ സഹായിക്കും. ജൈവോൽപ്പന്ന നിലയിയുള്ള സമ്മതപത്രം, വിപണിയിൽ സ്ഥാനം ലഭിക്കുവാനുള്ള ഘടകങ്ങളിൽ പ്രധാനപ്പെട്ടതാണ്. കൂടാതെ നീതിയുക്തമായ വ്യാപാര വസ്തുവെന്ന ഖ്യാതിയും വിൽപ്പനയെ പ്രോത്സാഹിപ്പിക്കും. ഇറക്കുമതി ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം വിലയുടെ കാര്യം മാത്രമല്ല, ഉൽപ്പന്നം തയ്യാറാക്കുന്ന  രീതിയും വളരെ പ്രധാനപ്പെട്ടതാണ്. ധാന്യം ഉൽപ്പാദിപ്പിക്കപ്പെടുന്നയിടത്തുതന്നെ കുത്തി വൃത്തിയാക്കി ഉമിയും തവിടുമൊക്കെ കളഞ്ഞാൽ കയറ്റിയയക്കുമ്പോൾ 20% ഭാരം കുറയ്ക്കുവാനും ഗുണമേൻമ ദീർഘകാലം നിലനിർത്തുവാനും സാധിക്കും. ഇനത്തിന്റെ ഗുണ മേൻമ ഉറപ്പുവരുത്തേതുണ്ട്. കയറ്റി അയക്കുന്നതിനു മുൻപ് ഉൽപ്പന്നത്തിന്റെ സാമ്പിൾ അയച്ചുകൊടുക്കണം. അരിയിൽ ദോഷകരമായ ഘടകങ്ങൾ , കീടനാശിനികളുടെ അംശങ്ങൾ, കുമിൾ രോഗാണുക്കൾ എന്നിവയുടെ സാന്നിദ്ധ്യമുണ്ടോ എന്ന് പരിശോധിച്ചറിയാൻ അത് സഹായിക്കും.

## TERMS

### Geographical Indication

A geographical indication is a sign used on goods that have a specific geographical origin and possess qualities, reputation or characteristics that are essentially attributable to that place of origin.

### Scented Rice

Agricultural products have qualities that derive from their place of production and are influenced by specific local factors, such as climate and soil.

### Agrobiodiversity

is the result of natural selection processes and the careful selection and inventive developments of farmers, herders and fishers over millennia.
Agrobiodiversity is a vital sub-set of biodiversity.

### Traceability

is a feature to ensure batch quality and to take effective measures in case of contamination. Detailed documentation with corresponding certification about the farmers, cultivation methods, storage and packaging facilities is imperative.

## പായ്ക്കിങ്ങും മാർക്കറ്റിങ്ങും

അയക്കുന്ന പായ്ക്കറ്റിലെ അളവിനെക്കുറിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ട് ചിലർ 25.കി. സഞ്ചികളും, മറ്റു ചിലർ ഒരു ടൺ സഞ്ചികളും, താൽപര്യപ്പെടുമ്പോൾ 250 മുതൽ 1000 ഗ്രാം വരെയുള്ള വളരെ ചെറിയ സഞ്ചികളിൽ ലഭിക്കാൻ ഇഷ്ടപ്പെടുന്നവരുമുണ്ട്.

കാറ്റു കടക്കാതെ, ഭദ്രമായി നാലഞ്ചു വർഷം കേടുപറ്റാതെ സൂക്ഷിച്ചു വെക്കാവുന്ന പൊതികളിൽ അരി ലഭ്യമാക്കുന്നത് അഭികാമ്യമാണെങ്കിലും, ധൃതിയിൽ പൊതിഞ്ഞു കെട്ടുമ്പോൾ അന്യവസ്തുക്കളും, കേടുവരാതിരിക്കാൻ ഉപയോഗിക്കുന്ന വസ്തുക്കളും മറ്റും കലരുന്നതിനെകുറിച്ചുള്ള ഉത്കണ്ഠയുണ്ട്. കൂടുതൽ കച്ചവടക്കാരും ആഗ്രഹിക്കുന്നത് അരിയുടെ അവസാനത്തെ പൊതിയൽ ജർമനിയിൽ വച്ചാകുന്നതാണ് നല്ലതെന്നാണ്. പക്ഷെ രുണ്ടപേർ മാത്രമാണ് അത് ഇന്ത്യയിൽ തന്നെയായാൽ മതിയെന്ന് അഭിപ്രായപ്പെട്ടത്. ഇതിനു കാരണം ഗുണമേൻമ ഇവിടെയാണെങ്കിൽ മെച്ചപ്പെടുമെന്നതിനാലാകാം. അല്ലെങ്കിൽ ഉൽപാദക രാജ്യത്ത് കൂടുതൽ ആദായം ഉണ്ടാക്കുവാനുള്ള ഉദ്ദേശ്യവുമാകാം. .

ഏത് സ്ഥലത്ത് ഉൽപാദിപ്പിച്ചതാണെന്ന സൂചന നൽകുന്ന കാര്യത്തിൽ ഇപ്പോൾ പ്രധാന്യം കൊടുത്തു കാണുന്നില്ല. ഇതിനു കാരണം ഒരു പക്ഷെ വയനാട് എന്ന സ്ഥലപേര് ജർമനിയിൽ പരിചിതമല്ലാത്തതാകാം. പക്ഷെ, ഈയവസ്ഥ പതുക്കെ മാറ്റിയെടുക്കാൻ കഴിയും. സ്ഥലനാമം കൂടുതൽ പ്രസിദ്ധമാകുമ്പോൾ അങ്ങിനെ വന്നാൽ വയനാടൻ പേരിലുള്ള ഗന്ധകശാലയ്ക്ക് നീതിയുക്തമല്ലാത്ത മത്സരത്തിൽ നിന്നുള്ള സംരക്ഷണം ഉറപ്പാക്കാൻ കഴിയും.

## ഉൽപ്പന്ന സവിശേഷതയും, ഉപഭോക്താവും

ജൈവ വൈവിധ്യമുള്ള നെല്ലിനങ്ങളുടെ വിപണനത്തിനുള്ള പ്രോത്സാഹനം ഉൽപ്പന്നത്തേയും, ജനിതകമായ ഗുണമേന്മയേയും ആശ്രയിച്ചിരിക്കുന്നു. ഒരിനം മാത്രമുള്ള ഗന്ധകശാലയുടെ കാര്യത്തിൽ ജൈവസംരക്ഷണത്തിൽ അതിന്റെ പങ്ക് പരിമിതമാണ്. പക്ഷേ, നെൽവയലുകൾ സംരക്ഷിക്കപ്പെടുകയാണെങ്കിൽ ധാരാളം നെൽവയലുകളുമായി ബന്ധപ്പെട്ട ജീവജാലങ്ങളും സംരക്ഷിക്കപ്പെടും. ഗന്ധകശാലയുടെ കാര്യമെടുത്താൽ, ചെറുകിട ഉൽപാദകരായ ധാരാളമാളുകൾ പ്രയോജനകരമായ സേവനമാണ് ചെയ്യുന്നത്. ചെറിയ കൃഷിയിടങ്ങളിൽ നെല്ലിനങ്ങളുടെ വൈവിധ്യം കൂടുതലാണ്. ഉൽപ്പാദനം ഭക്ഷണത്തിനു വേണ്ടിയും, നിത്യവൃത്തിക്കു വേണ്ടിയും മാത്രമാണെന്നതാണ് ഒരു പ്രത്യേകത. വ്യവസായാടിസ്ഥാനത്തിൽ കൃഷി ചെയ്യപ്പെടുന്ന വലിയ പാടശേഖരങ്ങളേക്കാൾ കാർഷിക ജൈവവൈവിധ്യവും സുസ്ഥിരമായ അവസ്ഥയും ഇത്തരം ചെറുകിട കൃഷിയിടങ്ങളാണ് ഉറപ്പാക്കുന്നത്. വാങ്ങുന്നവരുടെ വിപണന തന്ത്രങ്ങളും, ശക്തിയും ഏറെ പ്രധാനമാണ്. ജർമനിയിലെ അരിവിപണിക്ക് ചില പ്രത്യേക യോഗ്യതകളുണ്ട്. അവിടെ വാങ്ങാൻ താൽപര്യമുള്ള കച്ചവടക്കാർ കുറവാ യതുകൊണ്ടു തന്നെ ഉൽപ്പാദകർ അവരുടെ മുമ്പിൽ അടിയറവു പറയേണ്ടിവരുന്നു. അതിനാൽ അത്തരം കച്ചവടക്കാർ ന്യായവിപ ണിയിലും സുസ്ഥിരതയിലുമൊക്കെ താൽപര്യമെടുത്ത് അത് ജൈവ വൈവി ധ്യസംരക്ഷണത്തെ തീർച്ചയായും സഹായിക്കുമെന്ന് ഉറപ്പ്. അങ്ങനെ വന്നാൽ ഗുണപരമായ ഫലങ്ങൾ ഉണ്ടാകും. ഗന്ധകശാലക്ക് വിപണിയിൽ പ്രിയം വർദ്ധിച്ച്, പ്രധാന വിളയായി മാറി മറ്റ് നെല്ലിനങ്ങളെ ഇല്ലാതാക്കിയാൽ അത് ദോഷകരമായ ഫലങ്ങൾ ഉണ്ടാക്കിയെന്നും വരാം. നെൽവയലുകൾ, നാണ്യവിള തോട്ടങ്ങൾ , കെട്ടിടനിർമാണങ്ങൾക്കായി മാറ്റപ്പെടൽ തുടങ്ങിയ കാര്യങ്ങളുമായി മത്സരത്തിലേർപ്പെടുമ്പോൾ നെൽവയലുകളിൽ നാടൻ വിത്തിനങ്ങൾ കൃഷി ചെയ്യപ്പെടുമെന്നത് ഗുണകരം തന്നെയാണ്.

## KEY RESEARCH RESULTS

### 1. Fair trade

Traders of speciality rices highlight consumers high esteem for fair trade labelling. Working conditions and social standards are of concern.

### 2. Organic production

Organic agriculture uses ecological relations to support plant growth, thus avoiding agrochemicals with negative sideeffects on agrobiodiversity.

### 3. Farmer‘s organisation

Farmers need to organise in a cooperative form to guarantee quality, quanitity and a reliable flow of information. This also strengthens their negotiation power locally and globally.

### 4. Local Indian market

Though German traders express an interest in Gandakhasala, the development of a local market for speciality rice in Kerala and India appeals as promising to curb local demand and

## നിഗമനം

ഫലങ്ങൾ സൂചിപ്പിക്കുന്നത്, ജർമ്മനിയിൽ ഗന്ധകശാലക്ക് ഇപ്പോൾ പ്രിയമേറുന്നുണ്ടെന്നും, കച്ചവടക്കാർക്ക് ശുഭപ്രതീക്ഷയുണ്ടെന്നുമാണ്. ജർമ്മനിയിൽ ബസ്മതി, ജാസ്മിൻ എന്നീ അരിയിനങ്ങൾ വിപണിയിൽ അമിതമായി കാണപ്പെടുന്നതുകൊണ്ടു തന്നെ സവിശേഷതകളുള്ള പുതിയ ഇനങ്ങൾ അവിടത്തെ ഉപഭോക്താക്കൾ വാങ്ങുമോ എന്ന കാര്യത്തിൽ കച്ചവടക്കാർക്ക് ആശങ്കയുണ്ട്. ഗന്ധകശാലയുടെ കമ്പോളവിജയം, വിപണന തന്ത്രങ്ങൾ, വില, ഗുണമേന്മ എന്നിവയെ ആശ്രയിച്ചിരിക്കുന്നു. ജൈവോൽപ്പന്നമെന്ന നിലയിലുള്ള സാക്ഷ്യപത്രം, സവിശേഷതകളുള്ള അരി തുടങ്ങിയവയെല്ലാം ഗന്ധകശാലക്ക് ജർമ്മനിയിൽ സ്വീകാര്യത വർദ്ധിപ്പിക്കുന്നതിൽ സഹായിക്കും. തദ്ദേശീയരായ ആളുകൾ കൃഷി ചെയ്യുന്നതാണെന്നും, വിവാഹം പോലെയുള്ള പ്രത്യേക അവസരങ്ങൾ പ്രാധാന്യമുള്ളതാണെന്നുമുള്ള പാശ്ചാത്തല വിവരങ്ങൾ ഗന്ധകശാലയുടെ വിപണനത്തെ പ്രോത്സാഹിപ്പിക്കുവാൻ ഉപയോഗപ്പെടുത്താവുന്നതാണ്. കൂടാതെ പൊതികൾക്കു പുറത്ത് ഇത്തരം വിവരങ്ങൾ പരസ്യപ്പെടുത്തിയും, വെബ്സൈറ്റുകളിലൂടെയും, ഗന്ധകശാലയുടെ സവിശേഷതകൾ അറിയിക്കുന്നതും നന്നായിരിക്കും.

## നിർദ്ദേശങ്ങൾ

ജർമ്മനിയിലെ അരിവിപണിയിൽ ഗന്ധകശാലയ്ക്ക് സ്ഥാനം ലഭിക്കുവാനായി വ്യവസായികൾ ചില നിർദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നു.

- ജൈവവൈവിധ്യം, കാർഷികപാരിസ്ഥിതി ശാസ്ത്രം, സംസ്കാരം, വയനാട്ടിലെ ചെറുകിട കൃഷിക്കാരുടെ സാമ്പത്തികമേഖല എന്നിവയുമായി ഗന്ധകശാലയ്ക്കുള്ള അഭേദ്യമായ ബന്ധത്തെക്കുറിച്ച് വിശദീകരിക്കുകയും, അങ്ങിനെ അതിന്റെ വിൽപ്പനയെ ത്വരിതപ്പെടുത്തുകയും ചെയ്യുക.

- ജൈവോൽപ്പന്ന നിലവാരത്തെ കുറിച്ച് സാക്ഷ്യപ്പെടുത്തുകയെന്നത് നിർബന്ധമാക്കിയാൽ വിപണന സാദ്ധ്യതകൾ വർദ്ധിക്കും. ഉൽപ്പാദനം, വിളവെടുപ്പ്, അതിനുശേഷമുള്ള വിവിധ പ്രക്യയകൾ എന്നിവയെകുറിച്ച് ആഴത്തിൽ പരിശോധിച്ച്, സാക്ഷ്യപത്രം നൽകുന്ന ഏജൻസിയുടെ മാനദണ്ഡങ്ങൾക്കനുസരിച്ച് വിലയിരുത്തുക

- ഉൽപ്പാദകർക്ക് സുസ്ഥിരമായ വളർച്ചയും ആദായവും, ലഭ്യമാക്കുവാൻ മെച്ചപ്പെട്ട ഉൽപ്പാദന നിലവാരം ഉറപ്പുവരുത്തുക. മിക്ക കച്ചവടക്കാരും, കൃഷിക്കാരുടെ അവസ്ഥയെ കുറിച്ച് അറിയാൻ ശ്രമിക്കുന്നവരാണ്. കൃഷിക്കാരുടെ സഹകരണ സംഘങ്ങൾക്ക് അവർ സഹായങ്ങൾ വാഗ്ദാനം ചെയ്യുവാനും തയ്യാറാണ്.

- കേരളത്തിലെ അരിയുൽപ്പാദിപ്പിക്കുന്ന പ്രാദേശിക സംരഭകരുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുക. അതിനായി സവിശേഷതകളുള്ള അരിയിനങ്ങളെ ഇന്ത്യയിലെ വിവിധ അരി വിപണിയിൽ ഉൾപ്പെടുത്തുവാനും, വിറ്റഴിക്കുവാനും സഹായിക്കുന്നു.

വിളവ്, ഉൽപ്പാദനചിലവ്, തൊഴിലാളികളുടെ ലഭ്യത, വിപണനം എന്നിവയെ അടിസ്ഥാമാക്കി ഗന്ധകശാലയുടെ ഇപ്പോഴത്തെ ഉൽപ്പാദനാവസ്ഥയെക്കുറിച്ചുള്ള ആഴത്തിലുള്ള പഠനം ഇതിൻ വളരെ ആവശ്യമാണ്.



BioDIVA MSSRF

Institute of Environmental Planning
Prof. Dr. Martina Padmanabhan
Leibniz University Hannover
Herrenhäuser Str. 2
30419 Hannover
Germany
Contact: Dr. Silvia Werner, Email: werner@umwelt.uni-hannover-de
Phone: +49 (0)511-762 19540
www.biodiva.uni-hannover.de

MSSRF,
Community Agrobiodiversity Centre,
Puthurvayal P.O., 673 121 Kalpetta,
India, Email: cabcmssrf@dataone.in

Based on: **Claudia Mannherz** *Vermarktungsmöglichkeiten von „Wayanad Gandhakasala Reis" aus Kerala (Indien) zum Erhalt von Agrarbiodiversität.* MSc Thesis 2012, Fern-Universität Hagen

Authors: Hannah Arpke, Claudia Mannherz

Photos: BioDIVA

Bundesministerium für Bildung und Forschung
FONA Forschung für Nachhaltige Entwicklungen BMBF